# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവ്വകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in / adramb@kau.in


നമ്പർ.ഡി 3062/2023 തീയതി.12.09.2023

## ടെൻഡർ/ലേലം നോട്ടീസ്

ഈ കേന്ദ്രത്തിലെ പക്ഷി-മൃഗ പരിപാലന യൂണിറ്റിലെ രണ്ട് വയസ്സിൽ കൂടുതൽ പ്രായമുള്ള 5 പോത്തുകളെയും 1 കാളയേയും ടെൻഡർ/ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കാനുണ്ട്. ആവശ്യക്കാരിൽ നിന്നും മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഡി 3062/2023 |
| ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 04.10.2023, 03.00 pm |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | 04.10.2023, 03.30 pm |
| നിരത ദ്രവ്യം (EMD) | 2000/- രൂപ |
| ടെൻഡർ തുക | 472/- |
| ടെൻഡർ രേഖപ്പെടുത്തേണ്ടത് | 1 കിലോഗ്രാം നിരക്കിൽ/കാള, പോത്ത് എന്നിവയ്ക്ക് പ്രത്യേകമായി |
| ടെൻഡർ ലഭിക്കേണ്ട മേൽവിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്, പിൻകോഡ്-673 593 |
| മേലെഴുത്ത്: പോത്ത്, കാള ലേലം ചെയ്യുന്നതിനുള്ള ടെൻഡർ | |

നിബന്ധനകൾ

1. അസോസിയേറ്റ് ഡയറക്ടർ, RARS, അമ്പലവയൽ എന്ന വിലാസത്തിൽ **04.10.2023** ന് ഉച്ചയ്ക്ക് ശേഷം **03.00** മണിക്ക് മുമ്പ് നിർദ്ദിഷ്ട ഫോറത്തിൽ ടെൻഡറുകൾ നേരിട്ടോ, തപാൽ വഴിയോ നൽകേണ്ടതാണ്. 03.30 മണിക്ക് ടെൻഡറുകൾ തുറക്കുന്നതാണ്. ടെൻഡറുകൾ അടക്കം ചെയ്ത, സീലുവച്ച കവറിനുപുറത്ത് പോത്ത്, കാള ടെൻഡർ/ലേലം എന്ന് എഴുതിയിരിക്കേണ്ടതാണ്.
2. ടെൻഡറിനോടൊപ്പം 200/ രൂപ കരാറും ഹാജരാക്കേണ്ടതാണ്.
3. ലേലം/ടെൻഡറിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നിരതദ്രവ്യം അസോസിയേറ്റ് ഡയറക്ടർ, RARS, അമ്പലവയൽ എന്ന പേരിൽ State Bank of India, Kolagappara ശാഖയിൽ മാറാവുന്ന ഡി.ഡി/നേരിട്ടോ അടച്ച് ലേലം/ടെൻഡറിൽ പങ്ക് കൊണ്ടേളളതാണ്.
4. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്നതും, നിരതദ്രവ്യം സമർപ്പിക്കാത്തതുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
5. ടെൻഡർ സമർപ്പിക്കുന്നവർ ടെൻഡറിൽ പേര്, ഒപ്പ്, മേൽവിലാസം, എന്നിവ വ്യക്തമായി എഴുതിയിരിക്കണം.
6. തങ്ങളുടെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.
7. കാള, പോത്ത് എന്നിവയുടെ 1 കിലോഗ്രാം നിരക്കാണ് **ടെൻഡറിൽ കാണിക്കേണ്ടത്.**
8. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽകൂടി അവസരം ലഭിക്കുന്നതിനായി അപ്പോൾ ഹാജരുള്ള ടെൻഡറുകാരെ മാത്രം ഉൾപ്പെടുത്തി ടെൻഡറുകൾ തുറക്കുന്നതിന് മുൻപ് അന്നേ ദിവസം ആവശ്യമെങ്കിൽ ലേലവും നടത്തുന്നതാണ്.
9. ടെൻഡറിലോ/പരസ്യ ലേലത്തിലോ ഏതാണ് കൂടുതൽ വില ലഭ്യമാകുന്നതെന്ന് കണക്കിലെടുത്തും /സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് ബോധ്യപ്പെടുന്ന പക്ഷവും മാത്രം ടെൻഡർ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
10. ടെൻഡർ/ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ലേലം കൊണ്ട കാള, പോത്ത് എന്നിവയുടെ വിലയുടെ **1/3** (മൂന്നിൽ ഒരു ഭാഗം) അപ്പോൾ തന്നെ ടെൻഡർ/ലേലം കൊണ്ടയാൾ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

ടെൻഡർ/ലേലം ഉറപ്പിച്ച തുകയുടെ ബാക്കി ഭാഗം 2 (രണ്ട്) ദിവസത്തിനകം ഓഫീസിൽ അടച്ച് കാള, പോത്ത് എന്നിവയെ കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിൽ മുതൽ കൂട്ടുന്നതും കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. രാവിലെ **10** മണി മുതൽ വൈകുന്നേരം **4** മണിവരെയുള്ള സമയത്ത് പ്രവൃത്തി ദിനങ്ങളിൽ മാത്രമേ കാള, പോത്ത് എന്നിവയെ നീക്കം ചെയ്യുവാനും പാടുള്ളൂ. ഫാമിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ/ചുമതലപ്പെടുത്തിയ ഉദ്യോഗ സ്ഥന്റെയോ, സെക്യൂരിറ്റി ജീവനക്കാരുടെയോ അനുവാദത്തോടെ മാത്രമേ കാള, പോത്ത് എന്നിവയെ സ്ഥാപനത്തിൽ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ. തൂക്കം നോക്കി, വില ഓഫീസിൽ അടച്ച രസീതി കാണിച്ച ശേഷം മാത്രമേ കാള, പോത്ത് എന്നിവയെ കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.

11. കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മേൽപ്പറഞ്ഞ കാള, പോത്ത് എന്നിവയെ സമയ ബന്ധിതമായി ഈ സ്ഥാപനത്തിൽ നിന്നും കൊണ്ടുപോകേണ്ടതാണ്. ഇതിൽ വിഴ്ച വരുത്തുന്നപക്ഷം പുനർലേലം/ടെൻഡർ നടത്തുന്നതും അതുകൊണ്ട് സർവ്വകലാശാലക്കുണ്ടാകുന്ന എല്ലാ നഷ്ടവും ടെൻഡർ/ലേലം കൈക്കൊണ്ടയാളിൽ നിന്ന് ഈടാക്കുന്നതും, ഇതുമൂലം ലാഭമാണ് ഉണ്ടാകുന്നതെങ്കിൽ അതിൽ ലേലക്കാരന് അവകാശം ഇല്ലാത്തതുമാണ്.
12. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെൻഡർ അസ്ഥിരപ്പെടുത്തുന്നതിനും, നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്കുള്ള അധികാരം യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു.
13. ഏതെങ്കിലും കാരണവശാൽ ലേല തീയതി അവധി ദിവസമായി വരുന്നപക്ഷം അതിനടുത്ത പ്രവൃത്തി ദിവസം ലേലം/ടെൻഡർ നടത്തുന്നതായിരിക്കും.
14. സർക്കാർ ടെൻഡർ/ലേലത്തിലെ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. എല്ലാ കരാർ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
15. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.
16. ലേലം ചെയ്യാനുള്ള മൃഗങ്ങളെ ഓഫീസ് സമയം സന്ദർശിക്കാവുന്നതാണ്.

ഒപ്പ്/-
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്

പകർപ്പ് : വിതരണത്തിന്/ഫാം സൂപ്രണ്ട്/ഡോ.സഹന എം,അസി. പ്രൊഫസർ, ശ്രീ.അഷിത് രാജ്, ഫാം ഇൻ ചാർജ്, അമ്പലവയൽ പഞ്ചായത്ത് ഓഫീസ്/കൃഷി ഭവൻ/വില്ലേജ് ഓഫീസ്/കെ.വി.കെ നോട്ടീസ് ബോർഡ്/ കെ.എ.യു വെബ് സൈറ്റ്